"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - നാഷണൽ ആയുഷ് മിഷൻ - നാഷണൽ ആയുഷ് മിഷൻ കേരളയിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോപ്പതി) ആയി ജോലി ചെയ്ത് വരുന്ന ഹോമിയോപ്പതി വകുപ്പിലെ ചീഫ് മെഡിക്കൽ ഓഫീസറായ ഡോ. ആർ. ജയനാരായണന്റെ അന്യത്ര സേവന കാലാവധി 17/08/2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.313/2024/AYUSH തീയതി,തിരുവനന്തപുരം, 23-08-2024

---

പരാമർശം:-

1. 17/08/2023ലെ സ.ഉ (സാധാ) നം.307/2023/ആയുഷ്
2. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 26/07/2024ലെ DHTVM/1477/2024-EA4 നമ്പർ നിരാപേക്ഷ പത്രം
3. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 29/07/2024ലെ NAM/337/2022-A1/SPMSU നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പള്ളിത്തെരുവ് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ചീഫ് മെഡിക്കൽ ഓഫീസറായി ജോലി ചെയ്തിരുന്ന ഡോ. ആർ ജയനാരായണനെ പരാമർശം (1) ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് നിലവിലുള്ള അന്യത്രസേവന വ്യവസ്ഥയുടെ ചട്ടങ്ങൾക്ക് വിധേയമായി നാഷണൽ ആയുഷ് മിഷനിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോപ്പതി) ആയി അന്യത്ര സേവനവ്യവസ്ഥയിൽ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത കാലാവധി 17/08/2024 ന് അവസാനിക്കുന്നതിനാൽ നാഷണൽ ആയുഷ് മിഷനിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോപ്പതി) ആയി തുടരുന്നതിന് ടിയാന്റെ അന്യത്ര സേവനകാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് ടിയാന്റെ മാതൃവകുപ്പായ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് നൽകിയ പരാമർശം (2) പ്രകാരമുള്ള നിരാക്ഷേപ പത്രം സഹിതം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ പരാമർശം (3) പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാഷണൽ ആയുഷ് മിഷനിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോപ്പതി) ആയി അന്യത്ര സേവനവ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന ഡോ. ആർ ജയനാരായണനെ പ്രസ്തുത തസ്തികയിൽ 17/08/2024 മുതൽ ഒരു വർഷത്തേക്ക് കൂടി നിലവിലുള്ള അന്യത്രസേവന വ്യവസ്ഥയുടെ ചട്ടങ്ങൾക്ക് വിധേയമായി തുടരുന്നതിന് അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ, കേരള, തിരുവനന്തപുരം
ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡോ. ഡോ. ജയനാരായണൻ, ചീഫ് മെഡിക്കൽ ഓഫീസർ,ഹോമിയോപ്പതി വകുപ്പ്
(ഡയറക്ടർ,ഹോമിയോപ്പതി വകുപ്പ് മുഖാന്തിരം)
വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 23-08-2024 16:43:04

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു ആരോഗ്യവും വനിതാശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്